ഭരണഭാഷ-മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ. ജയിംസ് രാജ്)

തിരുവനന്തപുരം

നമ്പർ. 1607/2019/ഇ3/ഡിപി തീയതി: 07.02.2020

*വിഷയം:-* അച്ചടി വകുപ്പ് - ജീവനക്കാര്യം - കംപോസിംഗ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം/നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ശ്രീമതി.മാർഗറീത്ത പ്രമീള.ജെ. യുടെ 13.01.2020-ലെ അപേക്ഷ

## ഉത്തരവ്

അച്ചടി വകുപ്പിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കംപോസിംഗ് വിഭാഗം ജൂനിയർ ഫോർമാൻ ശ്രീമതി.ആർ.ജയറാണി 31.01.2020 തീയതിയിൽ അധിവർഷ പെൻഷൻ മുഖേന സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കംപോസിംഗ് വിഭാഗത്തിലെ ജൂനിയർ ഫോർമാൻ തസ്തികയിൽ ഉണ്ടായ ഒഴിവിലേയ്ക്ക് പരാമർശ പ്രകാരമുള്ള ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ചും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/സ്ഥലം മാറ്റം/ തസ്തിക/ ശമ്പള സ്കെയിൽ/ നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | സ്ഥലമാറ്റം/ സ്ഥാനക്കയറ്റത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | ശ്രീമതി.ജെ.മാർഗറീത്ത പ്രമീള, ജൂനിയർ ഫോർമാൻ, ഗവ. പ്രസ്സ്, കോഴിക്കോട് | സ്ഥലം മാറ്റം ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | ശ്രീമതി.ആർ.ജയറാണി സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ | അപേക്ഷ പ്രകാരം |
| 2. | ശ്രീമതി.കെ.കെ.വത്സല, അസിസ്റ്റന്റ് ഫോർമാൻ, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | സ്ഥാനക്കയറ്റം ജൂനിയർ ഫോർമാൻ, (29200-62400 രൂപ) ഗവ. പ്രസ്സ്, കോഴിക്കോട് | ശ്രീമതി.ജെ.മാർഗറീത്ത പ്രമീളയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ | നിർബന്ധിതം |
| 3. | ശ്രീമതി.എസ്.സുഷമ, സീനിയർ ഗ്രേഡ് കംപോസിറ്റർ, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | സ്ഥാനക്കയറ്റം അസിസ്റ്റന്റ് ഫോർമാൻ, (27800-59400 രൂപ) ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | ശ്രീമതി.കെ.കെ. വത്സലയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | നിർബന്ധിതം |

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ചവർക്ക് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിച്ചവർക്ക് ചേരുംകാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയത്തിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുള്ള പക്ഷം നിയമാനുസൃത യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, കോഴിക്കോട്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ./
സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./ജൂനിയർ സൂപ്രണ്ട്.ഇ1./എ1./
ഹെഡ്ക്ലാർക്ക് ജിസിപി./ജിസിപി.ഇ1./ടൈം ഓഫീസ്./എ5 സീറ്റ്./
എ6 സീറ്റ്./ഫയൽ./സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.